(ബി) ഏറനാട് മണ്ഡലത്തിൽ ആഡ്യൻപാറ ഇക്കോഹബ്ബ് പദ്ധതിക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടന്നുവരുന്നു.

(സി) പുതിയ ടൂറിസം പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

320 (1028) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സർക്കാർ സംരംഭമാണോ ; എന്തെല്ലാം നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാണ് കോർപ്പറേഷൻ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഏതെങ്കിലും സ്വകാര്യ കമ്പനിയുമായി കോർപ്പറേഷൻ സംയുക്ത സംരംഭത്തിലേർപ്പെട്ടിട്ടുണ്ടോ ; ഏത് നടപടി ക്രമത്തിലൂടെയാണ് സ്വകാര്യ പങ്കാളിയെ കണ്ടെത്തിയത് ; വിശദമാക്കുമോ ;

(സി) കോർപ്പറേഷന്റെ സംരംഭങ്ങൾ സംബന്ധിച്ച വിശദവിവരവും ബോർഡംഗങ്ങൾ ആരൊക്കെയാണെന്നതിന്റെ ലിസ്റ്റും ലഭ്യമാക്കാമോ ;

(ഡി) ഇതിനകം സർക്കാർ കോർപ്പറേഷന് നല്കിയ ഫണ്ട് എത്രയാണെന്നും സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കോർപ്പറേഷൻ ഏതെല്ലാം തരത്തിലുള്ള പങ്കാളിത്ത കരാറിലാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും കോർപ്പറേഷന്റെ നിർദ്ദിഷ്ട പദ്ധതികളെല്ലാം സർക്കാർ അനുമതിയോട് കൂടിയാണോ നടക്കുന്നതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സർക്കാർ സംരംഭമാണ്. 1956-ലെ കമ്പനി നിയമപ്രകാരമാണ് പ്രസ്തുത കോർപ്പറേഷൻ പ്രവർത്തിക്കുന്നത്.

(ബി) ഒരു സ്വകാര്യ കമ്പനിയുമായും കോർപ്പറേഷൻ ഇതുവരെയും യാതൊരുവിധ സംയുക്ത സംരംഭത്തിലും ഏർപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷൻ നിലവിൽ ഏറ്റെടുത്തിട്ടുള്ള സംരംഭങ്ങൾ താഴെ പറയുന്നവയാണ്.

1. <u>സെന്റർ ഫോർ പെർഫോമിംഗ് ആർട്ട്സ്, വർക്കല</u> :

കേരളത്തിന്റെ കലയും സംസ്കാരവും പ്രചരിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി സർക്കാർ ഉടമസ്ഥതയിലുള്ള ഒരു സംരംഭമാണിത്. ഇതിനായി 10 കോടി രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്.

2. <u>വർക്കലയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ</u> :

കേന്ദ്രസർക്കാർ ഏജൻസിയായ റൈറ്റ്സ് ആണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആയതിന്റെ കരട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

3. <u>വർക്കല പാപനാശം ബലിമണ്ഡപം</u> :

വർക്കല പാപനാശത്ത് ബലിതർപ്പണം നടത്തുന്നതിന് എത്തുന്ന തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതിനായി ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചാണ് കോർപ്പറേഷൻ ഈ മണ്ഡപം നിർമ്മിച്ചിരിക്കുന്നത്.

4. <u>ജിയോ പാർക്ക് മ്യൂസിയം.</u> :

2014 മെയ് മാസം 28-ാം തീയതി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ വർക്കല കുന്നുകളെ (ക്ലിഫുകൾ) ജിയോ ഹെറിറ്റേജ് സൈറ്റായി പ്രഖ്യാപിച്ചു. ഇതിന്റെ തുടർനടപടിയായി ഈ കുന്നുകൾക്ക് യുണെസ്കോ ജിയോ പാർക്ക് എന്ന പദവി ലഭിക്കേണ്ടതും ആയതിന്റെ ഭാഗമായി ഇവിടെ ഒരു ജിയോ പാർക്ക് മ്യൂസിയം സ്ഥാപിക്കേണ്ടതും ആവശ്യമാണ്. പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

ഈ കോർപ്പറേഷന്റെ നിലവിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

1. ശ്രീ. ഉമ്മൻ ചാണ്ടി, ബഹു. മുഖ്യമന്ത്രി- ചെയർമാൻ
2. ശ്രീ. കെ. സി. ജോസഫ്, ബഹു. ആസൂത്രണമന്ത്രി- കോ-ചെയർമാൻ
3. ശ്രീ. വർക്കല കഹാർ, എം.എൽ.എ- വൈസ് ചെയർമാൻ

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. എ. സമ്പത്ത്, ബഹുമാനപ്പെട്ട എം.പി.- ഡയറക്ടർ

5. ശ്രീമതി അൻസജിത റസ്സൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, തിരുവനന്തപുരം- ഡയറക്ടർ

6. ശ്രീ. പി. മാരപാണ്ഡ്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്- ഡയറക്ടർ

7. പ്രൊഫസർ. വി. എൻ. രാജശേഖരൻ പിള്ള, എക്സ്. ഒഫീഷ്യോ, പ്രിൻസിപ്പൽ സെക്രട്ടറി, KSCSTE- ഡയറക്ടർ

8. ശ്രീ. സുമൻ ബില്ല, സെക്രട്ടറി, ടൂറിസം- ഡയറക്ടർ

9. ശ്രീ. ജി. സി. ഗോപാലപിള്ള, എം.ഡി., കിൻഫ്ര- ഡയറക്ടർ

10. ശ്രീ. കെ. പി. ചന്ദ്രമോഹൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്- ഡയറക്ടർ

11. ശ്രീ. ബിജു പ്രഭാകർ, ജില്ലാ കളക്ടർ, തിരുവനന്തപുരം- ഡയറക്ടർ

12. ശ്രീ. വി. രാമചന്ദ്രൻ പോറ്റി, എം.ഡി.- ഡയറക്ടർ.

(ഡി) 2011-12 മുതൽ ഇതുവരെ സർക്കാർ ഈ കോർപ്പറേഷന് മൊത്തം 7.50 കോടി രൂപ നൽകിയിട്ടുണ്ട്. സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കോർപ്പറേഷൻ ഇതുവരെയും യാതൊരുവിധ പങ്കാളിത്ത കരാറിലും ഏർപ്പെട്ടിട്ടില്ല. കോർപ്പറേഷന്റെ നിർദ്ദിഷ്ട പദ്ധതികളെല്ലാം ഡയറക്ടർ ബോർഡിന്റെയും സർക്കാരിന്റെയും അനുമതിയോടുകൂടിയാണ് നടപ്പിലാക്കുന്നത്.

ടൂറിസം പദ്ധതികൾക്കുള്ള ബഡ്ജറ്റ് വിഹിതവും മറ്റ് ഫണ്ടുകളും ചെലവഴിക്കുന്നതിനുള്ള മാനദണ്ഡം

321(1029) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിലെ ബഡ്ജറ്റ് വർക്കുകളും വികസന പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള ഫണ്ട് നല്കുന്നതിലും പ്രോജക്ടുകൾ അംഗീകരിച്ച് നല്കുന്നതിലും വകുപ്പുമന്ത്രി സ്വജനപക്ഷപാതം കാണിക്കുന്നതായി വന്ന വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ജനപ്രതിനിധികൾ ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ ;

(ബി) ടൂറിസം പദ്ധതികൾക്കുള്ള് ബജറ്റുവിഹിതവും മറ്റ് ഫണ്ടുകളും ചെലവഴിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം പാലിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly